(ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ സമീപനമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) 40 ലക്ഷത്തോളം തൊഴിൽരഹിതരുള്ള സംസ്ഥാനത്ത് പെൻഷൻ പ്രായം ഉയർത്തുന്നത് തൊഴിൽ അവസരങ്ങൾ കുറവുചെയ്യുന്ന നടപടിയാണെന്നുള്ള വസ്തുത സർക്കാർ കണക്കിലെടുക്കുമോ;

(ഡി) നിലവിലുള്ള തസ്തികകൾ വെട്ടിക്കുറച്ചും ഒഴിവുകളിൽ നിയമനം നടത്താത്തതുമൂലവും സർക്കാർ സർവ്വീസിൽ ജോലിസാദ്ധ്യത വലിയതോതിൽ കുറഞ്ഞിട്ടുള്ളത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) — (സി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) സർക്കാർ സർവ്വീസിൽ ജോലിസാധ്യത കുറഞ്ഞിട്ടില്ല.

വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടി

6 [2311] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമല്ലാത്ത പ്രവർത്തനംമൂലം വികസനപ്രവർത്തനങ്ങളിൽ കാലവിളംബം ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി കൈക്കൊള്ളുമോ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിലോ, താലൂക്ക് അടിസ്ഥാനത്തിലോ വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വിലയിരുത്താനും പരിഹാര നിർദ്ദേശങ്ങളുണ്ടാക്കാനും നിയമപ്രാബല്യമുള്ളതും, അധികാരമുള്ളതുമായ ഔദ്യോഗിക സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ 'ബഹുദൂരം അതിവേഗം' പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും വിലയിരുത്താനും നിർവ്വഹണത്തിനും മാത്രമായി ഒരു പ്രത്യേക ഔദ്യോഗിക സംവിധാനത്തിന് രൂപം നൽകുമോ;

(ഡി) വിവിധ ഗവൺമെന്റ്, അർദ്ധഗവൺമെന്റ് ജീവനക്കാരുടെ ദൈവാര/ പ്രതിമാസ സമ്മേളനങ്ങൾ, വികസനപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിളിച്ചുചേർക്കാൻ നിർദ്ദേശിക്കുമോ;

(ഇ) അനുവദിക്കപ്പെട്ട വികസനപദ്ധതികൾ ഉദ്യോഗസ്ഥരുടെ അലംഭാവവും ഉദാസീനതയും നിമിത്തം യഥാസമയം പൂർത്തിയാക്കാതിരിക്കുന്നത് ഒഴിവാക്കാൻ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഇ) വികസനപ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ വികസന സമിതി, ജില്ലാ പ്ലാനിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലോ, താലൂക്ക് അടിസ്ഥാനത്തിലോ ഇത്തരം സമിതികളില്ല. ജനസമ്പർക്കപരിപാടിയുടെ തുടർച്ചയായി രൂപംകൊടുത്ത 100 ദിവസത്തെയും, ഒരു വർഷത്തെയും കർമ്മപരിപാടികൾ നടപ്പിലാക്കാനും മോണിറ്ററിംഗ് ചെയ്യാനും ഒരുപ്രത്യേക വകുപ്പ്—പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പ് — രൂപീകരിച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും വർഷത്തിൽ രണ്ടുതവണയെങ്കിലും ജില്ലകൾ സന്ദർശിക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ത്രിതല പഞ്ചായത്ത് സമിതികൾക്കും കാര്യമായ ചുമതല നിർവ്വഹിക്കാനുണ്ട്. ഉദ്യോഗസ്ഥൻമാരെ കൂടുതൽ കർമ്മോൻമുഖരാക്കി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ മേൽപ്പറഞ്ഞ സംവിധാനങ്ങൾക്ക് കഴിയുമെന്ന് സർക്കാർ കരുതുന്നു.

സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പുനർനിയമനം

7 [2313] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സർവ്വീസിൽനിന്നും വിരമിച്ച എത്ര ഐ. എ. എസ്. കേഡറിലുള്ള ഉദ്യോഗസ്ഥൻമാർക്ക് സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അത്തരം നിയമനം ലഭിച്ചവരാരെല്ലാമാണെന്നും അവർ വിരമിച്ച തസ്തിക ഏതായിരുന്നുവെന്നും, അവരെ ഇപ്പോൾ നിയമിച്ചിരിക്കുന്ന തസ്തിക ഏതാണെന്നും, അവർക്ക് ഇപ്പോൾ നൽകിവരുന്ന ശമ്പളവും അലവൻസും മറ്റ് സൗകര്യങ്ങളും എന്താണെന്നും അറിയിക്കാമോ;

(സി) സർവ്വീസിൽനിന്നും വിരമിച്ച ഐ. എ. എസ്. കാരല്ലാത്ത എത്ര ഉന്നത ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ 4 വർഷത്തിനിടയിൽ പുനർനിയമനം നൽകി എന്നും അതിന്റെ വിശദാംശങ്ങൾ എന്താണെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly